കേരള സർക്കാർ

<u>സംഗ്രഹം</u>

പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഭരണവകുപ്പുകൾ/ വകുപ്പ് തലവന്മാർ/സ്ഥാപന മേധാവികൾ സ്വന്തം നിലയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും വിലക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ — എ) വകുപ്പ്**

സ.ഉ.(പി)നം.22/2019/ധന തിരുവനന്തപുരം,തീയതി: 26/02/2019

---

പരാമർശം: - (1) 07/01/2013 – ലെ സ.ഉ(പി)നം.20/2013/ധന.
(2) 07/11/2018 – ലെ സ.ഉ(പി)നം.172/2018/ധന.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നിലപാടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ലക്ഷ്യത്തിനായി ശ്രീ.സതീഷ് ചന്ദ്രബാബു അധ്യക്ഷനായി പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാസമിതി രൂപീകരിച്ച് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയുമാണ്. നിലവിൽ സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിവിധ വിഷയങ്ങൾ പരിഗണനാവിഷയങ്ങളിൽ ഉൾപ്പെടുത്തി ഒരു സമിതി പരിശോധിച്ചു വരുന്ന സാഹചര്യത്തിൽ പോലും ഭരണവകുപ്പുകൾ/ വകുപ്പ് തലവന്മാർ/സ്ഥാപന മേധാവികൾ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സ്വന്തം നിലയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതും ടി പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവുകൾക്ക് വിരുദ്ധമായി നടപടിക്രമങ്ങൾ സ്വീകരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു. മേൽ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച വിഷയങ്ങളിൽ സർക്കാർ നിർദേശമോ ഉത്തരവോ ഇല്ലാതെ

വകുപ്പുകൾ സ്വന്തം നിലയിൽ നടപടിക്രമങ്ങൾ സ്വീകരിക്കുകയോ വിവര ശേഖരണം നടത്തുകയോ തീരുമാനം കൈക്കൊള്ളുകയോ ചെയ്യാൻ പാടില്ല എന്നും പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന/പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണെന്നും ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യാതൊരു വിധ നടപടികളും സ്വന്തം നിലയിൽ സ്വീകരിക്കാൻ പാടുള്ളതല്ല എന്നും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.രാജശ്രീ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. എല്ലാ ജില്ലാ ട്രഷറികൾക്കും/സബ് ട്രഷറികൾക്കും
7. എല്ലാ വകുപ്പ് മേധാവികൾക്കും/ സ്ഥാപന മേധാവികൾക്കും
8. രജിസ്ട്രാർ, സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകൾ.
9. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
10. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
11. നോഡൽ ഓഫീസർ www.finance.kerala.gov.in
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ